# സാഹിതി

വാർത്താപത്രിക 5

കേരള
സാഹിത്യ അക്കാദമി

ദേശീയപുസ്തകോൽസവം 2019
എഴുത്തരങ്ങ് സാംസ്കാരികോൽസവം



## കുമാരനാശാന്റെ ചിന്താവിഷ്ടയായ സീതയ്ക്ക് നൂറുവയസ്സ്

പ്രഭാഷണം : ബാലചന്ദ്രൻ ചുള്ളിക്കാട്
ഫെബ്രുവരി 6 ബുധൻ 05:00

ചിന്താവിഷ്ടയായ സീത ഭരതനാട്യം :
ലാവണ്യ അനന്ത് 06:30



# വായനക്കാരുടെ നാട്



ഇ.പി.രാജഗോപാലൻ

1. മുമ്പൊന്നും വായനക്കാർ സാഹിത്യാലോചനകളിൽ പ്രാധാന്യത്തോടെ വരാറില്ല. സാഹിത്യത്തെ എഴുത്തുകാരുടെ രാജ്യം എന്ന നിലയിലാണ് കണക്കാക്കിയിരുന്നത്.

2. ജനാധിപത്യം എന്ന ആശയത്തിന്റെ ഭാഗമാണ് വായനക്കാർ നേടിയ പ്രാധാന്യം. കൃഷിഭൂമി കർഷകനാണെങ്കിൽ കൃതിഭൂമി വായനക്കാർക്കാണ്. എഴുത്തുകാരൻ അർത്ഥത്തിന്റെ അധികാരിയല്ല. കേരളത്തിന്റെ പൊതുവായനശാലകളുടെ തുടക്കം സ്വാതന്ത്ര്യസമരകാലത്താണ്. ഇത് ഒട്ടും യാദൃച്ഛികമല്ല.

3. വായനയാണ് പ്രാഥമികം. എഴുത്തുകാരും അടിസ്ഥാനപരമായി വായനക്കാർ. ലോകവായനയുടെ കനിയാണ് സാഹിത്യകൃതി.

4. വായനക്കാർ അർത്ഥത്തിന്റെ ഉപഭോക്താക്കളല്ല, ഉൽപാദകർ തന്നെയാണ്. കൃതിയുടെ പല അർത്ഥങ്ങളിൽ ഒരർത്ഥം മാത്രമാണ് കർത്താവിന്റെ അർത്ഥം.

5. author എന്ന വാക്കിനേക്കാൾ നല്ലത് writer എന്നതാണ്. authorityയുടെ ധ്വനി ഒഴിവാക്കാം. വ്യക്തി എഴുതിവെക്കുന്ന കൃതി ഫോക്‌ലോറിനേപ്പോലെ വായിക്കുക എന്നതാണ് വായനയിലെ ഒരു നയം.

6. തികച്ചും അപ്രതീക്ഷിതമായ അർത്ഥനിർമാണമാണ് വായനയിലെ ആനന്ദം. അതിൽ ധിക്കാരമുണ്ട്. ഭരണകൂടാധികാരത്തെ ധിക്കരിക്കാനാവാതെ, ഭാഷാഘടനകളെ ആക്രമിക്കുന്ന ഏർപാടാണ് സാഹിത്യം എന്ന് ടെറി ഈഗ്ൾടൺ.

7. മതാത്മകമായ, പൗരോഹിത്യസ്വഭാവിയായ വായനയുടെ എതിരാണ് യഥാർത്ഥവായന. ഗംഗ എന്ന വാക്കിന്റെ അർത്ഥം നോക്കി, ഒഴുകുന്ന ഏത് നദിയും ഗംഗ എന്ന് പറയുന്ന വായനക്കാരൻ ഈ എതിർസർഗാത്മകതയുടെ ആളാണ്.

8. ഒരെഴുത്തുമില്ലാത്ത വെറും കടലാസ് തന്നെയും തങ്ങളെ പ്രചോദിപ്പിക്കുന്നുണ്ടെന്നും ആ കടലാസുണ്ടാക്കാനായി ചതഞ്ഞരഞ്ഞ മര

ങ്ങളുടേയും കാടുകളുടേയും ജീവിതം തനിക്ക് സങ്കൽപിക്കാമെന്നും പറയുന്ന വായനക്കാരുടെ സ്വാതന്ത്ര്യത്തിന്റെ കാലമാണിത്.

9. ചില വായനകൾ എഴുത്തുകാരന്റെ ഉദ്ദേശ്യത്തെ പോഷിപ്പിക്കുന്നതായിരിക്കും. അതേസമയം അട്ടിമറിവായനകൾ തന്നെയുണ്ട്. ഈ വായനകൾ എഴുത്തുകാരന് ഇഷ്ടപ്പെടണമെന്നില്ല. എന്നല്ല-മനസ്സിലാകണമെന്നുപോലുമില്ല. (കുട്ടികൃഷ്ണമാരാരുടെ ഭാരതപര്യടനം വ്യാസന് മനസ്സിലാകില്ല എന്ന ബി.രാജീവന്റെ വാക്യം മലയാളനിരൂപണത്തിലെ സ്വാതന്ത്ര്യപതാകയാണ്.)

10. കൃതിയിലെ എല്ലാം പല വായനക്കാരിലായി പ്രവർത്തനക്ഷമമാണ്. നിസ്സാരം എന്ന് പൊതുവേ കണക്കാക്കിവരുന്ന ഒരു ഭാഗമാവാം ഊർജസ്വലമായ ഒരു വായനയായി വളരുക.

11. വായനക്കനുസരിച്ച് സാഹിത്യചരിത്രത്തിലെ പദവികളും സ്ഥാനങ്ങളും മാറും. ഒരു പുതിയ സംഘം എഴുത്തുകൾതന്നെ അതീവശ്രദ്ധയിലേക്ക് വന്നേക്കാം.

12. എഴുത്തുകാരെയല്ല, എഴുത്തുകളെയാണ് വായിക്കുന്നത്. എഴുത്തുകൾതന്നെയാണ് എഴുത്തുകാർ.

13. ഒരു കൃതിയിൽതന്നെ നിരവധി കൃതികളുടെ (പലയളവുകളിലുള്ള) സാന്നിധ്യമുണ്ട്. ഒരു കൃതി തന്നെ ഒരു ലൈബ്രറിയാണ്. സ്വകാര്യസ്വത്തല്ല, ഏകവിളത്തോട്ടവുമല്ല ഒരു കൃതി.

14. വായനക്കാരുടെ സ്വാതന്ത്ര്യം എന്നത് സാഹിത്യവിഷയം മാത്രമല്ല. ലോകത്തെ, ഒരു വിഷയത്തെ ആളുകൾ മനസ്സിലാക്കുന്നത് ഒരേ മട്ടിലല്ല. ഒരു വാക്കുപോലും സമൂഹത്തിൽ ജീവിക്കുന്നത് പല ഉള്ളടക്കങ്ങളോടെയാണ്.

15. വായനയുടെ അനുസരണയും മൂകതയുമാണ് യാഥാസ്ഥിതികസാഹിത്യസമീപനങ്ങളുടെ പ്രതീക്ഷ. അത് ഫാഷിസത്തിന്റെയും രീതിയാണ്. അതിനെതിരെ ആർക്കും എക്കാലത്തേക്കുമായി ചിട്ടപ്പെടുത്തി നിർത്താനാവാത്ത അർത്ഥങ്ങളുടെ നൃത്തമായി സാഹിത്യത്തെ കാണുന്ന സ്വാതന്ത്ര്യത്തിന്റേയും സർഗാത്മകതയുടേയും ബദൽസമീപനം ഇന്ന് ശക്തിപ്പെട്ടിരിക്കുന്നു.

16. My reader is my co-writer എന്ന, ഇസ്രായേലി നോവൽകാരനായ അമോസ് ഓസിന്റെ ഉദാരനിലപാടുപോലും ശരിവെക്കാത്ത അട്ടിമറിവായനകളുടെ കാലമാണിത്. ദുശ്ശാസനങ്ങൾക്കെതിരെയുള്ള യുദ്ധസന്നാഹമല്ലാതെ മറ്റെന്താണിത്?

17. വ്യാഖ്യാനമല്ല, ടിപ്പണിയല്ല സാഹിത്യവിമർശനം ഏറ്റെടുക്കുന്നത്. സർഗാത്മകമായ വിമർശനം അതായിത്തന്നെ വായിക്കാവുന്ന സാഹിത്യരചനയാവാം. മലയാളത്തിലും അത്തരം ചില എഴുത്തുകൾ ഉണ്ട്. ●

# പാവങ്ങൾ ഞങ്ങൾക്കാവേശം



സി.ആർ.ദാസ്

വായനയുടെ അത്ഭുതലോകം നമുക്കെന്നും ആവേശമാണ്. അനുദിനം ലോകം മാറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ മാറ്റം എല്ലാ ജനങ്ങൾക്കും ബാധകമാണ്. പ്രത്യേകിച്ച് നമ്മുടെ കുട്ടികൾക്ക്. ഇൻഫർമേഷൻ ടെക്നോളജിയും ബയോടെക്നോളജിയുമൊക്കെ മാനവസമൂഹത്തിന്റെ മുന്നേറ്റത്തിന് ആവശ്യമായ കാലഘട്ടത്തിൽ പുസ്തകങ്ങളുടെ പ്രാധാന്യം പുതുതലമുറ മനസ്സിലാക്കേണ്ടതുണ്ട്.

ടാഗോർ, ലിയോ ടോൾസ്റ്റോയ് തുടങ്ങിയവരുടെ കഥകൾ വായിച്ചുവളർന്നവരാണ് ഞങ്ങൾ. അക്കാലത്ത് വിക്റ്റർ ഹ്യൂഗോയുടെ പാവങ്ങൾ ഞങ്ങൾക്കാവേശമായിരുന്നു. അമ്മയും യുദ്ധവും സമാധാനവുമൊക്കെ ഇക്കാലത്തും പ്രസക്തിയുള്ള പുസ്തകങ്ങളാണല്ലോ. സ്റ്റീഫൻ ഹോക്കിങ്ങിന്റെ എ ബ്രീഫ് ഹിസ്റ്ററി ഓഫ് റ്റൈം എന്ന പുസ്തകത്തിന്റെ പ്രസക്തിയും നാം മനസ്സിലാക്കണം.

പുസ്തകോൽസവങ്ങൾ പുതിയ തലമുറക്ക് ഹരമാകണം. വായനയുടെ രീതിയും തലങ്ങളും മാറിക്കൊണ്ടിരിക്കുന്നു. പുതിയ വായനയുടെ കാലമാണിത്. ഈ കാലത്തെ നമുക്ക് വരവേൽക്കാം. ●

# ഹൃദയത്തിലെ ആണിപ്പഴുത്



ടി.ടി.പ്രഭാകരൻ

രതി, രോഗം, മരണം തുടങ്ങിയവ സാഹിത്യത്തിലെ ഒരിക്കലും അപ്രസക്തമാകാത്ത ഗഹനമായ പ്രമേയങ്ങളാണ്. രോഗിയായ ഇവാൻ ഇലിയിച്ചിന്റെ മൃതിഭീതിയുടെ കരാളകാളിമ പടർന്നുകിടക്കുന്ന കൃതിയാണ്, ടോൾസ്റ്റോയിയുടെ 'ഇവാൻ ഇലിയിച്ചിന്റെ മരണം.' രമിക്കലും മരിക്കലും അക്ഷരങ്ങളുടെ വെറും വെച്ചുമാറ്റമല്ല. ജീവിയിൽനിന്ന് ജീവനെ എടുത്താമാറ്റലാണ്. മനുഷ്യനെ നിതാന്തമായി പിന്തുടരുന്ന ഒന്നാണ് മൃത്യുഭയം. വിമുക്തിയില്ലാത്ത ബന്ധനമാണത്. മരണംതന്നെയാണ് വിമുക്തി. പക്ഷേ, ആ വിമുക്തി മനുഷ്യൻ ഒരിക്കലും ആഗ്രഹിക്കുന്നുമില്ല. ഇങ്ങനെ മൃതിഭീതിയിൽനിന്ന് ഉയരുന്ന ജീവിതാസക്തിയാണ് മനുഷ്യജീവിതത്തിന്റെ പൊരുളായിത്തീരുന്നത്. അതിനാൽ, മനുഷ്യജീവിതത്തിന് നശ്വരത നൽകുന്ന 'മരണം' സാഹിത്യത്തിലെ അനശ്വരപ്രമേയമായിത്തീരുന്നു.

ഒരാളുടെ രോഗം, അല്ലെങ്കിൽ ഒരു മരണം, സഹപ്രവർത്തകർക്ക് സ്ഥാനചലനത്തെക്കുറിച്ചും സ്ഥാനോന്നതിയെക്കുറിച്ചുമുള്ള ഉത്കണ്ഠകളാണ്. ഒരാളുടെ രോഗാവസ്ഥ, ഭാര്യക്കും മക്കൾക്കും ബന്ധുജനങ്ങൾക്കും ജീവിതത്തിന്റെ സ്വസ്ഥത കെടുത്തുന്ന ശല്യമായി ഭവിക്കുന്നു. അയാൾ മരിക്കുമ്പോൾ ജോലിയുമായി ബന്ധപ്പെട്ട് എന്തുമാത്രം സാമ്പത്തികലാഭം ഉണ്ടാകുമെന്ന് അവർ കണക്കുകൂട്ടുന്നു. ശ്രേണിയിൽ താഴെയുള്ള ഉദ്യോഗസ്ഥവൃന്ദത്തിന് ഇവാൻ ഇലിയിച്ചിന്റെ മരണം തങ്ങളെ അതെങ്ങനെ ബാധിക്കും എന്ന ഉത്കണ്ഠക്ക് ഇട നൽകി. രോഗിയായിരിക്കേ ഇവാൻ ഇലിയിച്ച് വലിയൊരു ബാധ്യതയായി ഭാര്യ പ്രസ്കോവ്യ ഫോദോറോവ്നക്കും കുടുംബത്തിനും അനുഭവപ്പെട്ടു. ഡോക്റ്റർമാർ അദ്ദേഹത്തെ തങ്ങൾക്ക് ചികിത്സിക്കാനുള്ള ഒരു ശരീരമായിക്കണ്ടു. തങ്ങൾ പറയുന്നത് അനുസരിക്കുന്നതിലപ്പുറം ചോദ്യോത്തരങ്ങൾ അവർ ഇഷ്ടപ്പെട്ടില്ല.

ഗൊറാസിം എന്ന വേലക്കാരൻമാത്രം ഇവാൻ ഇലിയിച്ചിന് അദ്ദേഹത്തിന്റെ ഇച്ഛക്കൊത്ത് പരിചരിച്ചു. ആ യുവാവിന്റെ ഉന്മേഷവും ഉൽസാഹവും ചുറുചുറുക്കും ചിലപ്പോൾ അയാൾക്ക് ആശ്വാസമേകി. എന്നാൽ, ചില നേരങ്ങളിൽ അത് സ്വന്തം അവസ്ഥയോർത്ത് ദുഃഖിക്കാനുള്ള ഹേതുവായി. ജീവിതത്തിലുടനീളം താൻ ചെയ്ത പ്രവൃത്തികളുടെ ന്യായാന്യായതകളിലേക്ക്, രോഗാവസ്ഥയിൽ കിടന്നുകൊണ്ട് അയാൾ സഞ്ചരിച്ചു. അവയുടെ അർത്ഥശൂന്യതയും നിഷ്ഫലതയും ഓർത്ത് പരിതപിച്ചു. ഉന്നതോദ്യോഗത്തിലെ ആചാരപരമായ പെരുമാറ്റരീതികളിലെ പരിഹാസ്യതകളോർത്ത് ലജ്ജിച്ചു. വാസ്തവത്തിൽ, സ്വന്തം പ്രവൃത്തികളുടെ, സ്വന്തം ജീവിതത്തിന്റെതന്നെ മൂല്യനിർണയം നടത്തുന്നു രോഗശയ്യയിൽ കിടന്നുകൊണ്ട് ഇവാൻ ഇലിയിച്ച്. ഒപ്പം, തന്നോടൊപ്പം പ്രവർത്തിച്ചവരുടേയും തന്റെ ബന്ധുജനങ്ങളുടേയും പെരുമാറ്റരീതികളും വിലയിരുത്തപ്പെടുന്നു.

പ്രഖ്യാതരും അല്ലാത്തവരുമായ സാഹിത്യകാരന്മാർ ഈ പ്രമേയം കൈകാര്യം ചെയ്തിട്ടുണ്ട്. എങ്കിലും, ടോൾസ്റ്റോയിയുടെ കൃതി മനുഷ്യമനസ്സിൽ ആഞ്ഞുതറക്കുന്നു. ആ കൃതി വായിച്ചനുഭവിക്കുന്നവരുടെ ഹൃദയത്തിൽ ഒരു ആണിപ്പഴുത് നിത്യമുദ്രയായി അവശേഷിപ്പിക്കുന്നു. എന്നെന്നും നീറിക്കത്തിക്കൊണ്ടിരിക്കത്തക്കവിധം ആധിയുടേയും ഉത്കണ്ഠയുടേയും ഒരു അഗ്നികുണ്ഡം മനസ്സിൽ എരിഞ്ഞെരിഞ്ഞ് നിൽക്കുന്നു.

ജീവിതം എത്ര നിസ്സാരമാണ് എന്ന വലിയ തിരിച്ചറിവുണ്ടാക്കാൻ ഉപകരിക്കുന്ന മഹത്തായ കൃതിയാണ് 'ഇവാൻ ഇലിയിച്ചിന്റെ മരണം.' അതുതന്നെയാണ് ആ കൃതിയുടെ മൂല്യമെന്ന് ഞാൻ കരുതുന്നു. ●



അലി കടുകശ്ശേരി

# എൻ.എൻ.പിള്ളയുടെ ഞാൻ




മലയാളത്തിന്റെ ആത്മകഥാശാഖയിൽ അനന്യമായ വായനാനുഭവം നൽകി വേറിട്ടുനിൽക്കുന്ന ഒരു രചനയാണ് എൻ.എൻ.പിള്ളയുടെ 'ഞാൻ.' ആത്മകഥകളിലെ 'ക്ലാസിക്' എന്ന് നിസ്സംശയം വിശേഷിപ്പിക്കാവുന്ന ഈ കൃതി ഒരെഴുത്തുകാരൻ തന്റെ ജീവിതത്തിന്റെ പിന്നിട്ട വഴികളിലൂടെ നടത്തിയ സത്യസന്ധമായ ഒരു ഭാഷാസഞ്ചാരമാണ്. കലയും രാഷ്ട്രീയവും തത്ത്വചിന്തയും പ്രണയവും രതിയുമെല്ലാം ഈ അപൂർവാഖ്യാനത്തിലെ ആത്മചിഹ്നങ്ങളായി തിളങ്ങിനിൽക്കുന്നു. മാനവികതയുടെ വിചാരവിഹായസ്സിലേക്കും മാംസകാമനകളുടെ വികാരചാപല്യങ്ങളിലേക്കും ഒരേസമയം മനസ്സും ശരീരവും നടത്തുന്ന ദ്വന്ദഗമനത്തിന്റെ സാക്ഷിമൊഴികളാണ് ഈ പുസ്തകം. ആത്മകഥയുടെ തുടക്കത്തിലൊരിടത്ത് അദ്ദേഹം പറയുന്നുണ്ട്, "സത്യം വിരസമായാൽപോലും വിരൂപമാവാനിടയില്ലെന്നാണ് എന്റെ വിശ്വാസം." ആ വിശ്വാസത്തിന്റെ ഉള്ളുറപ്പുകൊണ്ടുതന്നെയാവാം സർഗാത്മകതയുടെ പത്തരമാറ്റിലേക്ക് ഈ കൃതി രൂപാന്തരപ്പെട്ടത്.

മലയാളനാടകവേദിയുടെ ആചാര്യസ്ഥാനത്തേക്കുയർന്ന നാടകകൃത്തും നടനുമായ എൻ.എൻ.പിള്ള തന്റെ ജീവിതനാടകം മൂന്ന് അങ്കത്തിൽ തൊണ്ണൂറ്റിയാറ് അധ്യായങ്ങളിലായാണ് വിവരിക്കുന്നത്. 'ഞാൻ' എന്ന അനാദിയായ അവബോധത്തിൽനിന്ന് ആരംഭിക്കുന്ന ഈ ആത്മകഥാകഥനം ജീവന്റെ പരിണാമവിസ്മയങ്ങളിലെ മനുഷ്യജന്മമെന്ന മായാനാടകങ്ങളിലേക്കാണ് തിരശ്ശീല ഉയർത്തുന്നത്.

സ്വയം പരിഹസിക്കാനുള്ള ആത്മപരിശോധനകളുടെ ആർജ്ജവമാണ് എൻ.എൻ.പിള്ളയുടെ എഴുത്തിനെ സാഹിത്യകാപട്യങ്ങളുടെ ദന്തഗോപുരവാങ്മയങ്ങൾക്കിടയിൽ നേരിന്റെ തലയെടുപ്പോടെ ഉയർത്തിനിർത്തുന്നത്. കക്ഷിരാഷ്ട്രീയത്തിന്റെ പൊള്ളത്തരങ്ങളേയും ദൈവവിശ്വാസത്തിലെ യുക്തിരാഹിത്യത്തേയുമെല്ലാം നിശിതവിമർശനംകൊണ്ടാണ് നേരിടുന്നത്. "ഉള്ള് പൊള്ളുന്നവന് കള്ള് ദിവ്യൗഷധമാണ്" എന്ന തരത്തിലുള്ള നർമോക്തികൾകൊണ്ട് കപടസദാചാരത്തിന്റെ മുഖത്ത് തുപ്പുന്നതും കാണാം.

മത-രാഷ്ട്രീയമൗലികവാദങ്ങളെയെല്ലാം നേർക്കുനേർതന്നെ എതിർത്തതുകൊണ്ടാവാം പുത്തൻ സാംസ്കാരികതയുടെ പ്രീണനച്ചന്തകളിൽ ഈ എഴുത്തുകാരൻ ഒരു വാഴ്ത്തപ്പെട്ട മാതൃകയാവാതെ പോവുന്നത്! 28 നാടകങ്ങളും 6 സമാഹാരങ്ങളിലായി 40 ഏകാങ്കങ്ങളും 3 നാടകപഠഗ്രന്ഥങ്ങളും മലയാളത്തിന് സമ്മാനിച്ച് എൻ.എൻ.പിള്ള അരനൂറ്റാണ്ട് നീണ്ട നാടകസപര്യയുടെ ദീപ്തസമരണകളിലൂടെയാണ് ആത്മകഥ അവസാനിപ്പിക്കുന്നത്. ദാർശനികതയുടെ തെളിച്ചംകൊണ്ടും ഭാഷാസൗകുമാര്യംകൊണ്ടും കാവ്യരൂപം പ്രാപിച്ച 'ഞാൻ' എന്ന കൃതി നാടാകാന്തം കവിത്വം എന്ന സാഹിതീസങ്കൽപത്തെ അന്വർത്ഥമാക്കുന്നു. ●



# വായനയിലൂടെ നവോത്ഥാനം



പ്രൊഫ.ബി.മുഹമ്മദ് അഹമ്മദ്

സാഹിത്യ അക്കാദമി സംഘടിപ്പിച്ച ദേശീയ പുസ്തകോൽസവത്തിൽ പങ്കെടുക്കാൻ സാധിച്ചു. വിജ്ഞാനത്തിന്റെ തിരിനാളം പ്രകാശിതമാവുന്നത് കാണാൻ സാധിച്ചു.

വർത്തമാനകാലത്തിന്റെ നെഞ്ചിടിപ്പിന് കാതുകൊടുക്കാൻ അവസരമുണ്ടായി. നവോത്ഥാനമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന നവകേരളത്തിനായുള്ള ശ്രമത്തിലാണല്ലോ സഹൃദയകേരളം. വർഗീയതയും തീവ്രവാദവും ശക്തിപ്പെടുന്ന ഒരു കാലത്ത് അതിനെതിരായ പ്രതിരോധം അനിവാര്യമാണ്. അവിടെയാണ് വായനയുടെ പ്രാധാന്യം. ഭാവിയുടെ പ്രതീക്ഷയും വർത്തമാനകാലത്തിന്റെ ആശ്വാസവും ഭൂതകാലത്തിന്റെ സ്വർണഖനിയിലാണ് ഉള്ളതെന്ന് നാം മറക്കരുത്. ശ്രീനാരായണഗുരു കാരുണ്യത്തിന്റെ മൂർത്തസന്ദർഭങ്ങൾക്ക് അടിവരയിടുമ്പോഴും കുമാരനാശാൻ സ്വാതന്ത്ര്യത്തെ ഉണർത്തുപാട്ടായി സ്വീകരിക്കുമ്പോഴും വള്ളത്തോൾ ദേശീയതയുടെ സിന്ദൂരമണിയിക്കുമ്പോഴും കേരളീയനവോത്ഥാനത്തിന്റെ പൊൻപുലരികളിലൂടെയാണ് നാം കടന്നുവന്നത്. കുട്ടനാട്ടിലെ കർഷകത്തൊഴിലാളികളുടേയും ആലപ്പുഴയിലെ തോട്ടികളുടേയും കഥ തകഴി നമ്മെ കേൾപ്പിച്ചത് അധഃസ്ഥിതവർഗത്തിന്റെ വിമോചനപോരാട്ടത്തിനായിരുന്നു. റിക്ഷാത്തൊഴിലാളിയായ പപ്പുവിനെ കേശവദേവ് രൂപകൽപന ചെയ്തപ്പോൾ വിപ്ലവത്തിന്റെ കൊടിയാണ് പാറിയത്. കുഞ്ഞിപ്പാത്തുമ്മ അക്ഷരം പഠിക്കുമ്പോൾ വിദ്യാഭ്യാസത്തിന്റെ ആദ്യാക്ഷരമന്ത്രം ബഷീർ നമ്മെ ചൊല്ലാൻ പഠിപ്പിക്കുകയായിരുന്നു.

സാഹിത്യവും സംസ്കാരവുമെല്ലാം സമത്വത്തിന്റെ സന്ദേശങ്ങളായി കേരളീയജീവിതത്തിന്റെ ഉദ്യാനത്തിൽ വിരിഞ്ഞുവന്നപ്പോൾ ലോകത്തിലെ സാക്ഷരസമൂഹത്തിന്റെ കേന്ദ്രബിന്ദുവായി കേരളം മാറിയെന്ന് നാം മറന്നുകൂടാ. ഇന്നിപ്പോൾ കേരളത്തെ പിറകോട്ട് വലിക്കാൻ പിന്തിരിപ്പൻ താൽപര്യങ്ങൾ ശ്രമിക്കുമ്പോൾ അതിനെ അതിജീവിക്കാൻ നമുക്ക് കഴിയണം. അതിനുള്ള ശ്രമം പുസ്തകോൽസവങ്ങളിലൂടെയും നവോത്ഥാനസന്ദേശങ്ങളിലൂടെയും നമുക്ക് നിർവഹിക്കാനാവണം. അതിന് ഒന്നിച്ച് ഒന്നായി നമുക്ക് പ്രവർത്തിക്കാം. ●

# അരങ്ങുകൾ ഉണർന്നേ പറ്റൂ



ദീപ പി.എം.

കേരള സാഹിത്യ അക്കാദമി നടത്തുന്ന ഈ പുസ്തകോൽസവത്തിൽ മൂന്നാംതവണയാണ് ഒരു പ്രസാധക എന്ന നിലയിൽ ഞാൻ പങ്കെടുക്കുന്നത്. വല്ലാത്തൊരു അത്ഭുതത്തോടെയും അതിലേറെ ആദരവോടുംകൂടി മാത്രമേ എനിക്ക് പുസ്തകത്തെ ഇന്നും നോക്കിക്കാണാൻ കഴിയൂ. കാരണം, ഒരുപാട് പുസ്തകങ്ങളൊന്നും കാണാതെയാണ് ഞാൻ വളർന്നത്. സ്കൂളിൽ പഠിക്കുമ്പോഴും പാഠപുസ്തകത്തിനപ്പുറം വലിയൊരു പുസ്തകലോകം ഞാൻ കണ്ടിട്ടില്ലായിരുന്നു. എന്നാൽ, മനസ്സിനെ സ്വാധീനിച്ച ചില പാഠഭാഗങ്ങളുടെ വാലറ്റം പിടിച്ച് ആ പുസ്തകം തേടി ഒരുപാട് അലഞ്ഞ് വലഞ്ഞിട്ടുണ്ട് ഞാൻ. അന്നൊന്നും ഇത്തരം പുസ്തകോൽസവത്തെക്കുറിച്ച് കേട്ടറിവ് പോലുമില്ലായിരുന്നു.

പിന്നീട് വളരെ, വളരെക്കാലത്തിനുശേഷം, ഞാൻ അന്വേഷിച്ചലഞ്ഞ പുസ്തകങ്ങളുടെ വിശാലമായ ലോകത്തേക്ക് ഞാൻ ചെന്നെത്തിപ്പെടുകയായിരുന്നു. മകളെ പ്രസവിക്കാനായി പത്തുമാസം എനിക്ക് കംപ്ലീറ്റ് റെസ്റ്റ് നിർദേശിച്ചതിന് ഞാനിന്നും ആ ഡോക്റ്ററോട് കടപ്പെട്ടിരിക്കുന്നു. വായിക്കാനാഗ്രഹിച്ച പുസ്തകങ്ങളെല്ലാം ഒറ്റക്കിടപ്പിന് ആവേശത്തോടെ, അത്യാർത്തിയോടെ കുടിച്ചുതീർത്തു. കൂട്ടുകാരനായ ടി. എം.രാമചന്ദ്രൻ മരുന്നുകളെത്തിച്ചുതരുന്നതുപോലെ പുസ്തകങ്ങൾ എത്തിച്ചുതന്നുകൊണ്ടിരുന്നു. പിന്നെ പുസ്തകങ്ങൾക്കൊപ്പം, എന്റെ ഇഷ്ടങ്ങൾക്കൊപ്പം ഞാൻ കൈപിടിച്ചുനടക്കാൻ തുടങ്ങി. അതുവരെ ഉള്ളിൽ തളംകെട്ടിക്കിടന്ന ഒരുതരം ഇരുട്ടിനേയും അനാഥത്വത്തേയുമൊക്കെ വായനയിലൂടെ മറികടക്കുകയായിരുന്നു.

ഇന്നലെ അറുപത് പിന്നിട്ട ഒരാൾ, സ്മാർട് ഫോൺ എങ്ങനെ വിദഗ്ദ്ധമായി കൈകാര്യം ചെയ്യാൻ കഴിയും എന്ന് വിശദീകരിക്കുന്ന ഒരു പുസ്തകം തെരഞ്ഞുനടക്കുന്നത് കണ്ടു. നമ്മുടെ അറിവില്ലായ്മയെ ഒട്ടും പരിഹസിക്കാതെ, ക്ഷമയോടെ ഓരോന്നും പഠിപ്പിച്ചുതരാൻ പുസ്തകത്തിനല്ലാതെ മറ്റെന്തിന് സാധിക്കും? കണ്ണുകളിൽ നിരാശയുമായി ഇന്നലെ ഒരു സ്ത്രീ പുസ്തകങ്ങൾക്കിടയിലൂടെ നടന്നുനീങ്ങുന്നത് കണ്ടു. അവരുടെ കണ്ണുടക്കിയത് 'ആത്മഹത്യയും പ്രതിരോധവും' എന്ന പുസ്തകത്തിലായിരുന്നു! ഇങ്ങനെയുള്ള നിരവധി പാഠപുസ്തകങ്ങൾ ഈ പുസ്തകമേളയിൽനിന്ന് കണ്ടെടുക്കാൻ കഴിയും. ചില പുസ്തകങ്ങൾ അറിവ് പകരും. മറ്റുചിലത് നമ്മെ ജീവിതത്തിലേക്കുതന്നെ തിരിച്ചുനടത്തിയേക്കും. സാഹിത്യം മാത്രമല്ല, പല വിഷയങ്ങളിലുള്ള പുസ്തകങ്ങളുടെ പ്രദർശനമാണിവിടെ ഒരുക്കിയിരിക്കുന്നത്. സ്നേഹവും പരസ്പരവിശ്വാസവും പരസ്പരബഹുമാനവുമൊന്നുമില്ലാതെ മനുഷ്യമനസ്സുകൾ ആയുധപ്പുരകൾ മാത്രമായി മാറുന്ന വർത്തമാനകാലത്ത് കലക്കും സാഹിത്യത്തിനും വളരെയധികം പ്രാധാന്യമുണ്ട്. പാടിയും ആടിയും കവിതകൾ ചൊല്ലിയും നമ്മൾ ഇനിയും സംവദിക്കേണ്ടതുണ്ട്. മനുഷ്യകേന്ദ്രിതമായ നവോത്ഥാനമൂല്യങ്ങളെ ഇനിയുമിനിയും ചേർത്തുപിടിക്കേണ്ടതുണ്ട്. മനുഷ്യനെന്ന പരികൽപനയിൽ സ്ത്രീയും ദളിതരും ട്രാൻസ് ജെന്റേഴ്സുമൊക്കെ കുറേക്കൂടി ശക്തമായി പ്രതിനിധികളാവേണ്ടതുണ്ട്.

അരങ്ങുകൾ ഉണർന്നേ പറ്റൂ! ഈ അങ്കണത്തിൽ പത്ത് ദിനരാത്രങ്ങളിലായി നടക്കുന്നതും അതുതന്നെയാണ്. അതുകൊണ്ടുതന്നെ പുസ്തകങ്ങളുമായി ഇവിടെ ഞങ്ങളുമുണ്ട്. ●



ദേശീയപുസ്തകോൽസവവേദിയിൽ എൻ.എൻ.പിള്ള ജന്മശതാബ്ദിപ്രഭാഷണം
ജോൺപോൾ നിർവഹിക്കുന്നു.




ആചാരങ്ങളും സാമൂഹ്യനീതിയും സെമിനാറിൽ
തമിഴ് എഴുത്തുകാരൻ സൂ വെങ്കടേശൻ സംസാരിക്കുന്നു.



കുമാരനാശാന്റെ ചണ്ഡാലഭിക്ഷുകി കവിതയെ ആസ്പദമാക്കിയുള്ള തോൽപാവക്കൂത്ത്
രാമചന്ദ്രപുലവരും സംഘവും അവതരിപ്പിക്കുന്നു.

---

Edited, Printed and Published by Dr.K.P.Mohanan (Secretary) for Kerala Sahitya Akademi, Thrissur - 20
For internal circulation only | Phone & Fax : 0487 2331069 | email : keralasahityaakademi@gmail.com
Printed at ColorMode, Thrissur | Photo : Monalisa | Sketch : Ima Babu | Design : Roy Akkara